ഉത്തരം

(എ) 1988 മുതൽ അടഞ്ഞുകിടക്കുന്ന പ്രസ്തുത സ്ഥാപനത്തെ ഒഴിപ്പിക്കുവാനുള്ള കോടതി വിധിയുണ്ടായെങ്കിലും മേൽ നടപടികളൊന്നും തന്നെ സ്വീകരിച്ചിട്ടില്ല.

(ബി, സി, ഡി) തികച്ചും സ്വകാര്യമേഖലയിലുള്ള ഈ ചെറുകിട വ്യവസായ യൂണിറ്റിലെ തൊഴിലാളികളെ സംബന്ധിച്ച തീരുമാനമെടുക്കേണ്ടത് ആ യൂണിറ്റിലെ തന്നെ മാനേജ്മെന്റിന്റെ ചുമതലയാണ്.

കേരളാ സ്റ്റേറ്റ് ഇൻഡസ്ട്രിയൽ എന്റർപ്രൈസസ് ലിമിറ്റഡിന്റെ കീഴിൽ പ്രവർത്തിക്കുന്ന സബ്സിഡിയറി കമ്പനികൾ

6. [2258] ശ്രീ. ആനത്തലവട്ടം ആനന്ദൻ :
,, ഇ. കെ. മേനോൻ :
,, ഗോപി കോട്ടമുറിക്കൽ :
,, ഒ. ഭരതൻ :
,, റ്റി. ജെ. ആഞ്ചലോസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരളാ സ്റ്റേറ്റ് ഇൻഡസ്ട്രിയൽ എന്റർപ്രൈസസ് ലിമിറ്റഡിന്റെ കീഴിൽ പ്രവർത്തിക്കുന്ന സബ്സിഡിയറി കമ്പനികളെക്കുറിച്ച് സർക്കാർ വിലയിരുത്തിയിട്ടുണ്ടോ ;

(ബി) വളരെക്കാലമായി നഷ്ടത്തിൽ പ്രവർത്തിക്കുന്ന പ്രസ്തുത സബ്സിഡിയറി കമ്പനികളുടെ പ്രവർത്തനങ്ങൾ മെച്ചപ്പെടുത്തുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്നു വ്യക്തമാക്കുമോ ; ഇപ്പോൾ ഏതെല്ലാം കമ്പനികളാണ് നഷ്ടത്തിൽ പ്രവർത്തിക്കുന്നത് ;

(സി) സബ്സിഡിയറി കമ്പനികളുടെ പുനരുദ്ധാരണത്തിനായി എന്തെങ്കിലും പദ്ധതികൾ ആവിഷ്ക്കരിച്ചിട്ടുണ്ടോ ;

(ഡി) എങ്കിൽ വിശദവിവരം വ്യക്തമാക്കുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി, സി, ഡി) കേരളാ സ്റ്റേറ്റ് ഇൻഡസ്ട്രിയൽ എന്റർപ്രൈസസ് ലിമിറ്റഡിന്റെ സബ്സിഡിയറി കമ്പനികളായ കേരളാ സോപ്സ് ആൻഡ് ഓയിൽസ് ലിമിറ്റഡ്, ട്രാവൻകൂർ പ്ലൈവുഡ് ഇൻഡസ്ട്രീസ് ലിമിറ്റഡ്, കേരളാ സ്റ്റേറ്റ് ഡിറ്റർജന്റ്സ് ആൻഡ് കെമിക്കൽസ് ലിമിറ്റഡ്, കേരളാ സ്റ്റേറ്റ് ഡ്രഗ്സ് ആൻഡ് ഫാർമസ്യൂട്ടിക്കൽസ് ലിമിറ്റഡ് എന്നീ കമ്പനികൾ നഷ്ടത്തിലാണ് പ്രവർത്തിക്കുന്നത്. ഇവയിൽ കേരളാ സോപ്സ് ആൻഡ് ഓയിൽസ് ലിമിറ്റഡ്, കേരളാ സ്റ്റേറ്റ് ഡ്രഗ്സ് ആൻഡ് ഫാർമസ്യൂട്ടിക്കൽസ് ലിമിറ്റഡ് എന്നീ കമ്പനികളിൽ പുനരുദ്ധാരണ പദ്ധതി നടന്നുവരികയാണ്. കേരളാ സ്റ്റേറ്റ് ഡിറ്റർജന്റ്സ് ആൻഡ് കെമിക്കൽസ് ലിമിറ്റഡിന്റെ പുനരുദ്ധാരണ പദ്ധതി സർക്കാർ അംഗീകരിക്കുകയും ധനസഹായം ലഭ്യമാക്കുകയും ചെയ്തിട്ടുണ്ട്. ട്രാവൻകൂർ പ്ലൈവുഡ് ഇൻഡസ്ട്രീസ് ലിമിറ്റഡിന്റെ പുനരുദ്ധാരണ പദ്ധതി സർക്കാരിന്റെ പരിഗണനയിലാണ്.

LIBRARY ARCHIVES Kerala Legislative Assembly

കമ്പനിക്കാവശ്യമായ അസംസ്കൃത പദാർത്ഥമായ തടി ലഭ്യമാക്കുന്നതിന് വേണ്ട നടപടിയും സ്വീകരിച്ചുവരുന്നു. (1-4-1990-ൽ മാത്രം വാണിജ്യാടിസ്ഥാനത്തിൽ പ്രവർത്തനമാരംഭിച്ചിട്ടുള്ള കേരളാ സാലിസിലേറ്റ്സ് ആൻറ് കെമിക്കൽസിനെക്കുറിച്ച് വിലയിരുത്തലുകളൊന്നും നടത്തിയിട്ടില്ല).

ടൈപ്പുറൈറ്റിംഗ് ഇൻസ്റ്റിറ്റ്യൂട്ടുകൾ നടത്തുന്നതിന് ലോൺ

7. [2259] ശ്രീ. കെ. എ. ചന്ദ്രൻ :
,, പി. ബാലൻ :
ശ്രീമതി എം. ടി. പത്മ :
ശ്രീ. വി. ദിനകരൻ :
,, ടി. എച്ച്. മുസ്തഫ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വ്യവസായ വകുപ്പിന്റെ ശുപാർശയോടെ ബി. ഡി. ഒ. ആഫീസ് വഴി ടൈപ്പ് റൈറ്റിംഗ് ഇൻസ്റ്റിറ്റ്യൂട്ടുകൾ നടത്തുന്നതിനും ജോബ് വർക്ക് ആരംഭിക്കുന്നതിനുമായി കേരളത്തിൽ മൊത്തം 1988 ജനുവരി 1 മുതൽ 1990 മാർച്ച് വരെ എത്ര പേർക്ക് ലോൺ നൽകിയിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ;

(ബി) ഇങ്ങനെ എത്ര ടൈപ്പുറൈറ്റർ നൽകിയിട്ടുണ്ട് ;

(സി) എത്ര പേർ സ്ഥാപനങ്ങൾ നടത്തിവരുന്നുണ്ട് ;

(ഡി) എത്ര പേർ ലോൺ എടുത്തശേഷം സ്ഥാപനം നടത്താതിരിക്കുന്നുണ്ട് ;

(ഇ) ലോൺ എടുത്ത് സ്ഥാപനം തുടങ്ങിയവർ സ്ഥാപനങ്ങൾ തുടർന്നുനടത്തുന്നുണ്ടോ ഇല്ലയോ എന്ന് ഉറപ്പുവരുത്തുന്നതിലേക്കായി പരിശോധന നടത്തുവാൻ സർക്കാർ നടപടികൾ സ്വീകരിക്കുമോ ;

(എഫ്) ടൈപ്പ്റൈറ്ററുകൾ കൈമാറ്റം ചെയ്തവർക്കെതിരെ നടപടികൾ സ്വീകരിക്കുമോ ;

(ജി) അടുത്തടുത്ത് ഇൻസ്റ്റിറ്റ്യൂട്ടുകൾ സ്ഥാപിക്കുന്നതുമൂലം 90 ശതമാനം ഇൻസ്റ്റിറ്റ്യൂട്ടുകളിലും വിദ്യാർത്ഥികൾ ഇല്ലാതാവുന്ന സാഹചര്യം കണക്കിലെടുത്ത് അത്തരം ദുരവസ്ഥ ഉണ്ടാകാതിരിക്കുവാൻ എന്തെങ്കിലും വ്യവസ്ഥ ഉണ്ടാക്കുമോ ?

ഉത്തരം

(എ, ബി, സി, ഡി, ഇ, എഫ്, ജി) ഗവൺമെൻറിൽ നിന്നും ഇതിനു ശുപാർശയൊന്നും നടത്തിയിട്ടില്ല. ഡിപ്പാർട്ടുമെൻറ് നടത്തിയിട്ടുണ്ടോ എന്ന വിവരം ശേഖരിച്ചു വരുന്നു.

ചാലക്കുടി റിഫ്രാക്ടറീസ് പരിഷ്കരിച്ച് വികസിപ്പിക്കുവാൻ നടപടി

8. [2261] ശ്രീ. കെ. ജെ. ജോർജ്ജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ചാലക്കുടി റിഫ്രാക്ടറീസ് പരിഷ്കരിച്ച് വികസിപ്പിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ ;

(ബി) ഉണ്ടെങ്കിൽ എന്നത്തേയ്ക്ക് നടപ്പാക്കും എന്ന് പറയാമോ ;

LIBRARY ARCHIVES Kerala Legislative Assembly